# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ജനുവരി 22**

---

### ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും; ശിൽപശാല 25ന്

മഹാത്മാഗാന്ധി സർവ്വകലാശാല ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ(ഐ.യു.സി.എസ്.എസ്.ആർ.ഇ) ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയും സോഷ്യൽ ഓഡിറ്റും എന്ന വിഷയത്തിൽ ജനുവരി 25ന് എറണാകുളത്ത് ശിൽപ്പശാല സംഘടിപ്പിക്കും.

ജില്ലാ പഞ്ചായത്ത് പ്രിയദർശിനി ഹാളിൽ രാവിലെ 10ന് നടക്കുന്ന ശിൽപ്പശാലയിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടർ ഡോ.എൻ രമാകാന്തൻ മുഖ്യ പ്രഭാഷണം നടത്തും. തൊഴിലുറപ്പു പദ്ധതിക്കു കീഴിലുള്ള സോഷ്യൽ ഓഡിറ്റിൻറെ കാര്യക്ഷമത സംബന്ധിച്ച് സംസ്ഥാന പ്ലാനിനു കീഴിൽ ഐ.യു.സി.എസ്.എസ്.ആർ.ഇ നടത്തിവരുന്ന പഠനത്തിൻറെ ഭാഗമായി കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി സംസ്ഥാന സോഷ്യൽ ഓഡിറ്റ് യൂണിറ്റുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

എറണാകുളം ജില്ലയിലെ തദ്ദേശ സ്ഥാപന അധ്യക്ഷൻമാർ, അംഗങ്ങൾ, തൊഴിലുറപ്പു പദ്ധതി ഉദ്യോഗസ്ഥർ, പഞ്ചായത്തു തല സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും.

(പി.ആർ.ഒ/39/79/2024)

### പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ സിബിസിഎസ് ബി.എ മ്യൂസിക് വീണ, മ്യൂസിക് വയലിൻ(പുതിയ സ്കീം - 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2022 അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഡിസംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 30 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/80/2024)

## പരീക്ഷാ ഫലം

2022 ഒക്ടോബറിലെ വിജ്ഞാപനമനുസരിച്ച് 2023 സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ സിബിസിഎസ്എസ് (ബി.എ, ബി.കോം - മോഡൽ 1,2,3), (ബി.ബി.എ, ബി.സി.എ, ബി.ബി.എം, ബി.ടി.എസ്. ബിഎഫ്.ടി, ബി.എസ്.ഡബ്ല്യു, ബി.പി.ഇ)-മോഡൽ 3, ബി.എസ്.സി (2009 മുതൽ 2012 വരെ അഡ്മിഷനുകൾ സെമസ്റ്റർ ഇംപ്രൂവ്മെൻറും മെഴ്സി ചാൻസും - ഓഗസ്റ്റ് 2023) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി നാലു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

...................

കഴിഞ്ഞ വർഷം ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്(ഡാറ്റ ആനലിറ്റിക്സ്), എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി), എം.എസ്.സി ഡാറ്റാ അനലിറ്റിക്സ്(2022 അഡ്മിഷൻ റഗുലർ) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ സമർപ്പിക്കാം.

....................

രണ്ടാം സെമസ്റ്റർ എം.എസ്.സി ഡാറ്റാ അനലിറ്റിക്സ്(2022 അഡ്മിഷൻ റഗുലർ - ജൂലൈ 2023) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി അഞ്ചു വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/81/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**